DESPATCHED
On.22.1.12.21

15/11/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.920(4)/*2016/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.9504/*എസ്.ഐ.സി-ജി 2/2016*)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷെരീഫ്. ജെ, — അപ്പീൽ ഹർജിക്കാരൻ
എ 6 .ഒബ്സർവേറ്ററി കോമ്പൗണ്ട്,
വികാസ്ഭവൻ പി.ഒ,
തിരുവനന്തപുരം- 695 008.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & — എതിർകക്ഷികൾ
   സീനിയർ സൂപ്രണ്ട് ,
   പ്രൊവിഡന്റ് ഫണ്ട് ഓഫീസർ (I/c)
   നഗരകാര്യ ഡയറക്ടറേറ്റ്,
   സ്വരാജ് ഭവൻ, നന്തൻകോട്.

2. അപ്പീൽ അധികാരി &
   ലാ ഓഫീസർ,
   നഗരകാര്യ ഡയറക്ടറേറ്റ്,
   സ്വരാജ് ഭവൻ, നന്തൻകോട്.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 27.04.2016 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ ടിയാന്റെ CPF അക്കൗണ്ടിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 18.06.2019 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപേക്ഷകന്റെ CPF വിഹിതം നഗരസഭയിൽ നിന്ന് കൃത്യസമയത്ത് ലഭിക്കാതിരുന്നതാണ് പ്രശ്നമെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. നഗരകാര്യ ഡയറക്ടറേറ്റിലെ കണക്കുപ്രകാരം 1,28,870/- രൂപ ആദ്യം കൊടുത്തു. എന്നാൽ ഇത് ശരിയല്ല എന്ന് കാണിച്ച് ടിയാൻ പരാതി നൽകി. ഇതിനെ തുടർന്ന് കണക്ക് പുന:പരിശോധിച്ച ബന്ധപ്പെട്ട നഗരസഭകൾക്ക് നഗരകാര്യ വകുപ്പിൽ നിന്ന് കത്തയച്ചു. നഗരസഭകൾ പിടിച്ചതുക തന്നെ ഡയറക്ടറേറ്റിൽ പൂർണ്ണമായി അറിയിച്ചിരുന്നില്ല. ഇതിന്റെ ഉത്തരവാദിത്വം നഗരസഭകൾക്കായിരിക്കുമെന്ന് ഡയറക്ടറേറ്റ് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ യഥാക്രമം 37,028/- രൂപ, 42,971/- രൂപ കൂടി തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകളിൽ നിന്ന് ലഭിക്കുകയുണ്ടായി. എന്നാൽ ഇതിൽ 37028/- രൂപ അപ്പീൽ ഹർജിക്കാരൻ കൈപ്പറ്റിയിട്ടില്ലെന്നും 03.09.2016 ലെ റിപ്പോർട്ടിന് ശേഷം pf-7 1939/11 നമ്പർ ഉത്തരവ് പ്രകാരം 69,105/- രൂപ ടിയാന് കൊടുക്കാൻ കോഴിക്കോട് നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ഇതുകൂടാതെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (എറണാകുളം) മുമ്പാകെ ഫയൽ ചെയ്ത OA (EKM) കേസിന്റെ അന്തിമവിധി ഉണ്ടാകുന്ന മുറയ്ക്കേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. അപ്പീൽ ഹർജിക്കാരന് 69,105/- രൂപ നൽകാൻ കോഴിക്കോട് നഗരസഭ സെക്രട്ടറിക്ക് 14.03.2017 ൽ നൽകിയ ഉത്തരവിന്റെ പകർപ്പും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

4. ഒന്നാം എതിർകക്ഷി പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 15.11.2021 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re